**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- റിട്ട:ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ശ്രീ.പി.സത്യനാഥൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA 1928/2016 നമ്പർ കേസ്-15/12/2016 തീയതിയിലെ അന്തിമ ഉത്തരവ് നടപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

**സ.ഉ. (സാധാ)നം. 1904/2017/തസ്വഭവ, തിരുവനന്തപുരം,തീയതി:08.6.2017**

പരാമർശം : 1. ഗ്രാമവികസന കമ്മീഷണറുടെ 25/03/2014 തീയതിയിലെ 23450/എസ്റ്റാഎ 4/08/സിആർഡി നമ്പർ നടപടിക്രമം.

2. ശ്രീ.പി.സത്യനാഥന്റെ 29/08/2016 തീയതിയിലെ നിവേദനം.

3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM)-1928/2016 നമ്പർ കേസിലെ 15/12/2016 തീയതിയിലെ അന്തിമ ഉത്തരവ്.

4. 13/03/2017 ലെ 48/ഇആർബി1/2016/തസ്വഭവ നമ്പർ സർക്കാർ കത്ത്.

5. ഗ്രാമവികസന കമ്മീഷണറുടെ 29/03/2017 തീയതിയിലെ 18250/എസ്റ്റാഎ 3/14/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ 2008-09 ജനകീയാസൂത്രണപദ്ധതിയിൽ ബ്ലോക്ക് ഓഫീസ് ഇൻഫർമേഷൻ സെന്ററിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ആയിരുന്ന ശ്രീ.പി.സത്യനാഥൻ, യു.ഡി.ക്ലാർക്ക് ശ്രീ.ഡി.സുനിൽകുമാർ എന്നിവർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് (നിയന്ത്രണവും തരംതിരിക്കലും അപ്പീലും) ചട്ടം 15 പ്രകാരം ഗ്രാമവികസന കമ്മീഷണർ അച്ചടക്ക നടപടി സ്വീകരിക്കുകയും ശ്രീ.പി.സത്യനാഥന്റെ രണ്ട് ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടും/തത്തുല്യമായ തുക ഈടാക്കിക്കൊണ്ടും സർക്കാരിനുണ്ടായ നഷ്ടത്തിന്റെ പകുതി തുക (1,74,814-ഒരു ലക്ഷത്തി എഴുപത്തിനാലായിരത്തി എണ്ണൂറ്റി പതിനാല് രൂപ) 30/05/2008 മുതലുള്ള പലിശ സഹിതം ഈടാക്കുന്നതിന് തീരുമാനിച്ചുകൊണ്ടും പരാമർശം (1) പ്രകാരം--

തീർപ്പാക്കുകയും ചെയ്തു. ഗ്രാമ വികസന കമ്മീഷണറുടെ പരാമർശം (1) ലെ ഉത്തരവിനെതിരെ ശ്രീ.സത്യനാഥൻ സർക്കാരിൽ അപ്പീൽ സമർപ്പിച്ചു. അതേസമയം ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ (ഇ.കെ.എം) നം.1928/2016 പ്രകാരം കേസ് ഫയൽ ചെയ്യുകയും ചെയ്തു. ശ്രീ.സത്യനാഥൻ ഫയൽ ചെയ്ത അപ്പീൽ അപേക്ഷ (Annexue A5) നിയമാനുസൃതം പരിഗണിച്ച് ടിയാനെ നേരിൽകേട്ട് 3 മാസത്തിനുള്ളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായി.

ശ്രീ.പി.സത്യനാഥനെ 18/03/2017 ൽ അണ്ടർ സെക്രട്ടറി നേരിൽ കേട്ടു. സർക്കാരിന് നഷ്ടമായ തുകയുടെ പകുതി തന്നിൽ നിന്നും ഈടാക്കുവാൻ തീരുമാനിക്കുന്നതിനു മുമ്പ് തനിക്ക് നോട്ടീസ് നൽകുകയോ തന്റെ ഭാഗം കേൾക്കുകയോ ചെയ്തിട്ടില്ലെന്ന് ശ്രീ.സത്യനാഥൻ ഹിയറിംഗ് വേളയിൽ അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതുമായി ബന്ധപ്പെട്ട, ഗ്രാമവികസന കമ്മീഷണറേറ്റിലെ ഫയൽ പരിശോധിച്ചതിൽ, ശ്രീ.പി.സത്യനാഥനെതിരെ KCS (CC&A) ചട്ടം 15 പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടി, നടപടിക്രമങ്ങൾ യഥാവിധി പാലിച്ചട്ടല്ല തീർപ്പാക്കിയിട്ടുള്ളത് എന്ന് കാണുകയുണ്ടായി. നടപടി ക്രമങ്ങൾ പാലിക്കാതെ തീർപ്പാക്കിയിട്ടുള്ള അച്ചടക്കനടപടി സ്വാഭാവിക നീതിയുടെ ലംഘനവും നിയമപരമായി നിലനിൽക്കാത്തതുമായതിനാൽ ശ്രീ.സത്യനാഥനെതിരെ പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവ് കേരള സിവിൽ സർവ്വീസ് (CC&A) ചട്ടം 34 പ്രകാരം റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ.പി.സത്യനാഥൻ സർവ്വീസിലിരിക്കെ തന്നെ ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ, KSR Part III ചട്ടം 3 (എ) പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ രേഖകളുടെയും

പകർപ്പുകൾ സഹിതം വിശദമായ റിപ്പോർട്ട് **രണ്ടാഴ്ചയ്ക്കകം** ഗ്രാമവികസന കമ്മീഷണർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ (ഇ.കെ.എം) നം.1928/2016 നമ്പർ കേസിലെ പരാമർശം (3) ലെ അന്തിമ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ.എം**
അണ്ടർ സെക്രട്ടറി

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) ശ്രീ.പി.സത്യനാഥൻ, സരോവരം, പെരിങ്ങോട്, പാറശ്ശേരി.പി.ഒ, പാലക്കാട്-678 531.
3) അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്തു സഹിതം)
4) അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള,തിരുവനന്തപുരം
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
7) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ